**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1965** **14-10-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് നവകേരള സദസ്സിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും, ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് നവകേരള സദസ്സിൽ 4799 അപേക്ഷകൾ ലഭിച്ചതിൽ 4537 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.<br><br>തീർപ്പാക്കാനുള്ള അപേക്ഷകളിൽ ചിലത് ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയും, പൊതു തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതും ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമായി വരുന്നതും ആണ്. അതോടൊപ്പം, ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ ധാരാളം അപേക്ഷകളും ഉണ്ട്. ആവശ്യമായ രേഖകൾ ലഭ്യമാക്കിയാൽ മാത്രമേ അത്തരം അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കൂ. |
| (ബി) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പുതിയ പ്രവൃത്തി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) | നവകേരള സദസ്സിലെ വിവിധ യോഗങ്ങളിലും ചർച്ചയുടെ ഭാഗമായും നിവേദനങ്ങളായും ഉയർന്നുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ